
എ.ആർ

# പൊലിഞ്ഞുപോയ പ്രകാശ ഗോപുരങ്ങൾ





**ഒരാഴ്ചക്കകം** നിസ്വാർഥരും സമുദായസ്നേഹികളും കർമോത്സുകരുമായ രണ്ട് മഹദ്വ്യക്തിത്വങ്ങളെ പാരത്രിക ജീവിതത്തിലേക്ക് യാത്രയയക്കാനാണ് മുസ്‌ലിം കേരളത്തിന് വിധിയുണ്ടായത്. മുസ്‌ലിം സർവീസ് സൊസൈറ്റിയുടെ സ്ഥാപക ജനറൽ സെക്രട്ടറി പി.എം മുഹമ്മദ് കോയ ആസന്ന മരണനായി കോഴിക്കോട്ടെ സ്വകാര്യ ആശുപത്രിയിൽ കിടക്കവെ അദ്ദേഹത്തെ സന്ദർശിക്കാൻ ചെന്ന മുൻപ്രസിഡന്റ് പ്രഫ. വി. മുഹമ്മദ് മടക്കയാത്രയിൽ കാറപകടത്തിൽപെട്ട് ഇഹലോകത്തോട് വിടപറയുകയായിരുന്നു. മെയ് 16 ബുധനാഴ്ച ഉച്ചക്ക് ആയിരങ്ങളോടൊപ്പം ഫാറൂഖ് കോളേജ് കോമ്പൗണ്ടിൽ വി.എമ്മിന് അന്ത്യയാത്രാമൊഴി ചൊല്ലാൻ ചെന്നപ്പോൾ തന്നെ പി.എം അത്യാസന്നനിലയിലാണെന്ന് സുഹൃത്തുക്കൾ പറയുകയുണ്ടായി. തീവ്രപരിചരണ വിഭാഗത്തിലായതിനാൽ അദ്ദേഹത്തെ നേരിൽ സന്ദർശിക്കാനാവില്ലെന്നും അവർ അറിയിച്ചു. മെയ് 19 ശനിയാഴ്ച രാത്രി 10.15-ന് പി.എം മുഹമ്മദ്കോയ നിര്യാതനായ ദുഃഖവാർത്തയാണ് പിന്നീട് ശ്രവിക്കേണ്ടിവന്നത്. വി.എമ്മുമായി നാലര പതിറ്റാണ്ടു നീണ്ട ആദരപൂർവമായ സ്നേഹബന്ധമാണ് അറ്റുപോയതെങ്കിൽ, പി.എമ്മുമായി കാൽനൂറ്റാണ്ടെങ്കിലും തുടർന്ന സുഹൃദ്ബന്ധത്തിനാണ് തിരശ്ശീല വീണിരിക്കുന്നത്. അഗാധമായ ഇസ്‌ലാമിക വിജ്ഞാനവും സൗമ്യമായ പെരുമാറ്റവും പക്ഷപാതരഹിതമായ സംഘടനാബന്ധങ്ങളും ഭക്തിവഴിഞ്ഞൊഴുകുന്ന മതബോധന ശൈലിയും വി.എമ്മിന്റെ അവിസ്മരണീയ സവിശേഷതകളായിരുന്നു. ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെ കരുത്തനായ നായകനും അഗാധ പാണ്ഡിത്യത്തിന്റെ ഉടമയുമായിരുന്ന കെ.സി അബ്ദുല്ല മൗലവി ജീവിച്ചിരുന്ന കാലമത്രയും അദ്ദേഹവുമായി വി. മുഹമ്മദ് സാഹിബ് പുലർത്തിവന്ന ആത്മബന്ധത്തിന്റെ ഗുണഭോക്താവായിരുന്നു സത്യത്തിൽ ഈ ലേഖകൻ. കെ.സി വി.എമ്മിന്റെയും വി.എം കെ.സിയുടെയും ദൗർബല്യങ്ങളാണെന്ന് പലപ്പോഴും തോന്നിയിട്ടുണ്ട്. രണ്ടുപേർക്കും പലകാര്യങ്ങളിലും ഭിന്ന കാഴ്ചപ്പാടുകളുണ്ടായിരുന്നു എന്നത് വസ്തുതയാണ്. പക്ഷേ, എല്ലാ ഭിന്നതകൾക്കും അപ്പുറത്ത് ആശയപ്പൊരുത്തത്തിന്റെയും ആദർശ ഐക്യത്തിന്റെയും കണ്ണികളാൽ കോർക്കപ്പെട്ട രണ്ട് മഹാന്മാർ എന്ന് കരുതാൻ വേണ്ടത്ര അവസരങ്ങളുണ്ടായിട്ടുണ്ട്. അചഞ്ചലമായ പാരത്രികവിശ്വാസത്തിൽ കടുകിട സന്ദിഗ്ധത തീണ്ടാത്തവരായിരുന്നു രണ്ടുപേരും. അതുകൊണ്ടുതന്നെയാവണം എഴുപതുകളിൽ *പരലോകം ഖുർആനിൽ* എന്ന തന്റെ വിഖ്യാത കൃതി കെ.സി അബ്ദുല്ല മൗലവി പുറത്തിറക്കിയപ്പോൾ അതിന്റെ ആസ്വാദനം എഴുതാൻ വി.എം അമാന്തിക്കാതിരുന്നത്. മനുഷ്യോൽപത്തിയുടെ കാര്യത്തിൽ ആദം-ഹവ്വ സിദ്ധാന്തത്തിന്റെ ഉറച്ച വക്താവായിരുന്നു കെ.സി എങ്കിൽ പരിണാമസിദ്ധാന്തത്തെ നിരാകരിക്കേണ്ട കാര്യമില്ലെന്ന കാഴ്ചപ്പാടായിരുന്നു വി.എമ്മിന്. അതേസമയം ഖുർആനിലെ ശാസ്ത്രസത്യങ്ങളെക്കുറിച്ച് അഗാധ പഠനം ആവശ്യമാണെന്നും ശാസ്ത്രത്തിന്റെ പേരിൽ പ്രചരിപ്പിക്കപ്പെടുന്ന നാസ്തികവാദത്തെ ശാസ്ത്രീയമായിത്തന്നെ ചെറുത്തുതോൽപിക്കണമെന്നുള്ള കാര്യത്തിൽ രണ്ടുപേർക്കും ഏകാഭിപ്രായമായിരുന്നു. ഇതേ ചിന്ത പങ്കിടാൻ യശശ്ശരീരനായ ടി.പി കുട്ട്യാമ്മു സാഹിബിനെക്കൂടി ലഭിച്ചതോടെ മൂവർസംഘം സാഹസികമായി ആരംഭിച്ച മഹത് സംരംഭമായിരുന്നു *ശാസ്ത്രവിചാരം* ത്രൈമാസികയും ശാസ്ത്രവിചാരവേദിയും. ഇതേപ്പറ്റിയുള്ള ചർച്ചകളിലൊക്കെയും ജിജ്ഞാസുവായ വിദ്യാർഥിയുടെ റോളിൽ ഈ ലേഖകനും പങ്കെടുത്തു. ഒരാലോചനാ യോഗം കുട്ട്യാമ്മു സാഹിബിന്റെ 'നഫീസത്തി'ൽ ആയിരുന്നെങ്കിൽ അടുത്തത് വി.എമ്മിന്റെ 'പുക്കില്ലത്ത്' ആയിരിക്കും. മൂന്നാമത്തേത് സ്വാഭാവികമായും കെ.സിയുടെ 'തേക്കും പാലി'യിലും. ഹൃദ്യമായ സദ്യ ഒരുക്കുന്നതിൽ മൂന്നു പേരുടെയും സഹധർമിണികൾ ഒട്ടും പിശുക്കിയില്ലെന്നത് മധുരമായ ഓർമ. 'ഇബാദത്ത്' എന്ന സാങ്കേതിക പദത്തിന്റെ അർഥം ആരാധനയിൽ ഒതുക്കാനും അക്കാര്യത്തിൽ ജമാഅത്തെ ഇസ്‌ലാമിയെ കഠിനമായി ആക്രമിക്കാനും മുജാഹിദ് പണ്ഡിതന്മാർ കിണഞ്ഞുശ്രമിക്കവെ 'ഇബാദത്തി'ന് അനുസരണം എന്ന് അർഥമെഴുതി നിശ്ശബ്ദമായി വി.എം നടത്തിയ ഇടപെടൽ കൗതുകകരമായ ഓർമയാണ്. ജുമുഅ ഖുത്ബകൾ ബോധവൽക്കരണത്തിന്റെ ഏറ്റവും ശക്തമായ മാധ്യമമാണെന്ന കാഴ്ചപ്പാടിൽ കെ.സിയും വി.എമ്മും വിസ്മയാവഹമായ സമാനത പുലർത്തി. കുട്ട്യാമ്മു സാഹിബാകട്ടെ കോഴിക്കോട് സിവിൽ സ്റ്റേഷനു സമീപം പള്ളി സ്ഥാപിച്ചപ്പോൾ ജുമുഅ ഖുത്ബക്കായി കെ.സിയെ തന്നെ തെരഞ്ഞെടുത്തതും മറ്റൊന്നു കൊണ്ടല്ല. ഒരു വ്യാഴാഴ്ച രാവിലെ ഞാൻ കെ.സിയുടെ വീട്ടിലെത്തിയപ്പോൾ അദ്ദേഹം തഫ്സീറുകൾ റഫർ ചെയ്യുന്ന തിരക്കിലാണ്. എന്താണിത്ര അടിയന്തരമായ ഗവേഷണം എന്ന എന്റെ ചോദ്യത്തിന് 'ഞാൻ നാളേക്കുള്ള ഖുത്ബക്ക് തയാറെടുക്കുകയാണ്' എന്നായിരുന്നു മറുപടി. 'നിങ്ങൾക്കിനി എ

ന്ത് റഫർ ചെയ്യാനാണ്, നേരെ ചെന്ന് മിമ്പറിൽ കയറിയാൽ പോരേ?' എന്ന എന്റെ സംശയത്തിന് കെ.സിയുടെ പ്രതികരണം: 'നിനക്കറിയാമോ, ഞാൻ ശനിയാഴ്ച മുതൽ റഫർ ചെയ്തിട്ടാണ് ജുമുഅ ഖുത്ബ ചെയ്യാറ്' അതിന്റെ മേന്മയും എടുത്തോതേണ്ടതില്ല. കെ.സി ഓരോ ഖുത്ബയിലും സാധാരണക്കാരിൽ സാധാരണക്കാർക്കു പോലും മനസ്സിലാവുന്ന ശൈലിയിൽ ഒരു കാര്യം പഠിപ്പിച്ചിരിക്കും. അതുതന്നെയായിരുന്നു വി.എമ്മിന്റെയും ശാഠ്യം. നീണ്ട ഒന്നര പതിറ്റാണ്ട് കാലം എം.എസ്.എസ് ആസ്ഥാനത്തെ മസ്ജിദ് മിമ്പറിനെ ധന്യമാക്കിയ വി.എം ആർക്കും തിരിയുന്ന ലളിത ശൈലിയിൽ ഹൃദയസ്പൃക്കായി ജുമുഅ ഖുത്ബ നിർവഹിച്ചു (അതൊക്കെ റെക്കോർഡ് ചെയ്ത് എഡിറ്റ് ചെയ്ത് പ്രകാശിപ്പിക്കാൻ ആരെങ്കിലും ശ്രദ്ധിച്ചുവോ എന്നറിയില്ല). സമുദായ സംഘടനകളെയോ ഭിന്ന വിചാരധാരകളെയോ കടന്നാക്രമിക്കാൻ മിനക്കെടാതെ തങ്ങൾക്ക് പറയാനുള്ളത് തെളിവുകളോടെ സമർഥിക്കുക എന്ന സാമാന്യശൈലിയാണ് കെ.സിയും വി.എമ്മും സ്വീകരിച്ചുവന്നത്.

വി.എമ്മിന്റെ വിയോഗം മൂലം സംഭവിച്ച വൻനഷ്ടം ഉയർത്തിയ വിഷാദസ്മരണ പച്ചയായി നിലനിൽക്കെയാണ് പി.എം മുഹമ്മദ് കോയയും വിടചൊല്ലിയത്. സാങ്കേതികാർഥത്തിൽ മതപണ്ഡിതനല്ലായിരുന്നെങ്കിലും കാര്യങ്ങളിൽ അവഗാഹവും പൊതുവിവരവും വ്യക്തമായ കാഴ്ചപ്പാടുകളുമുള്ള സാമൂഹിക പ്രവർത്തകനായിരുന്നു പി.എം. എം.ഇ.എസ്സിലും സിയസ്കോയിലും സജീവമായി പ്രവർത്തിച്ച ശേഷം മുസ്‌ലിം സർവീസ് സൊസൈറ്റിയുടെ രൂപവൽക്കരണം മുതൽ അതിന്റെ നേതൃസ്ഥാനത്ത് അദ്ദേഹം ഉണ്ടായിരുന്നു. സയൻസ് അധ്യാപകനായി 22 വർഷത്തെ പരിചയസമ്പത്തുണ്ടായിരുന്ന മുഹമ്മദ് കോയ പിന്നീട് ബിസിനസ് രംഗത്തേക്ക് തിരിഞ്ഞുവെങ്കിലും അദ്ദേഹത്തിന്റെ മുഖ്യ 'ബിസിനസ്' സമുദായസേവനം തന്നെയായിരുന്നു. സേവനം ജീവിത ശൈലിയും ആരാധനയുമാക്കി മാറ്റിയ പി.എം വിവിധ സാമൂഹിക-സാംസ്കാരിക കൂട്ടായ്മകളിൽ വഹിച്ച പങ്ക്, അദ്ദേഹത്തെ മാറ്റിനിർത്തിക്കൊണ്ടുള്ള പൊതുപരിപാടികൾ കോഴിക്കോട് നഗരത്തിന് അചിന്ത്യമാവുന്നേടത്തോളം വളർന്നു. സംഘടനാ പക്ഷപാതിത്വങ്ങൾക്കതീതമായി ആരുടെ വേദിയും ധന്യമാക്കാനും വശ്യമായ പ്രസംഗചാതുരിയിലൂടെ സദസ്സിനെ പിടിച്ചുനിർത്താനുമുള്ള അദ്ദേഹത്തിന്റെ ശേഷിയായിരുന്നു കാരണം. അവിചാരിതമായി വന്നുപെട്ട -തെറ്റായ രോഗനിർണയം മൂലം ഒരു പ്രമുഖ ആതുരാലയത്തിൽനിന്ന് അടിച്ചേൽപിക്കപ്പെട്ട എന്ന് പറയുന്നതാവും ശരി- വൃക്കരോഗം തളർത്തിയപ്പോഴാണ് യു.പി.എ സർക്കാറിന്റെ ദേശീയ ന്യൂനപക്ഷ വിദ്യാഭ്യാസ മോണിറ്ററിംഗ് കമ്മിറ്റി അംഗത്വം പി.എമ്മിനെ തേടിയെത്തിയത്. കടുത്ത അനാരോഗ്യം അവഗണിച്ച്, തന്നെ ചുമതലപ്പെടുത്തിയ ദൗത്യം നിറവേറ്റാൻ പരമാവധി പണിയെടുത്ത ത്യാഗിയെയാണ് പിന്നീട് കണ്ടത്. മദ്റസാ നവീകരണത്തിനായി കേന്ദ്രസർക്കാർ അനുവദിച്ച ഫണ്ട് പ്രയോജനപ്പെടുത്താനുള്ള മാർഗനിർദേശങ്ങൾ അദ്ദേഹം സംഘടനകൾക്കും ഏജൻസികൾക്കും നൽകി. ജസ്റ്റിസ് രജീന്ദർ സച്ചാർ കമ്മിറ്റി കേരളം സന്ദർശിച്ചപ്പോൾ സാധ്യമായത്ര വസ്തുതകൾ സമർപ്പിക്കാനും അദ്ദേഹം പണിയെടുത്തു. മുസ്‌ലിം സംഘടനകളുടെ ഐക്യവും പൊതുവേദിയുമായിരുന്നു വി.എമ്മിന്റെപോലെ പി.എമ്മിന്റെയും പ്രധാന അജണ്ടകളിലൊന്ന്. ഗൾഫാർ പി. മുഹമ്മദലിയും കൂട്ടുകാരും മുൻകൈയെടുത്ത് മുസ്‌ലിം സൗഹൃദവേദിക്ക് രൂപം നൽകുന്നതിനുമുമ്പേ എം.എസ്.എസ് ഓഫീസ് കേന്ദ്രീകരിച്ച് ഒരു ഐക്യവേദി കെട്ടിപ്പടുക്കാൻ അവർ രണ്ടുപേരും സജീവമായി പ്രവർത്തിച്ചിരുന്നു. അതിന് ഫലവുമുണ്ടായി. സുന്നി സംഘടനകൾ വിട്ടുനിന്നെങ്കിലും മറ്റു മത-സാംസ്കാരിക സംഘടനകളും മുസ്‌ലിംലീഗും സമുദായത്തിൽ സ്വാധീനമുള്ള വ്യക്തികളും ആ കൂട്ടായ്മയോട് സഹകരിക്കുകയുണ്ടായി. വിദ്യാഭ്യാസ-സാംസ്കാരിക മേഖലകളിലെ യോജിച്ചുള്ള പ്രവർത്തനമാണ് പൊതുവേദിയുടെ അജണ്ടയായത്. സ്ത്രീധനത്തിനും വിവാഹ ധൂർത്തിനുമെതിരെ ശക്തമായ ബോധവൽക്കരണത്തിന് എം.എസ്.എസ് മുന്നിട്ടിറങ്ങാൻ മൺമറഞ്ഞ അതിന്റെ സാരഥികൾ നേതൃത്വം നൽകി. പ്രായവും രോഗവും പരിഗണിക്കാതെ പരേതനായ കുട്ട്യാലിമാസ്റ്ററും അക്കാര്യത്തിൽ വഹിച്ച പങ്ക് എടുത്തുപറയേണ്ടതാണ്.

ജമാഅത്തെ ഇസ്‌ലാമിയോടും *മാധ്യമം* പത്രത്തോടും വി. മുഹമ്മദ് സാഹിബും പി.എം മുഹമ്മദ് കോയയും സൗമനസ്യം പുലർത്തുക മാത്രമല്ല ആത്മാർഥതയോടെ സഹകരിക്കുകയുമുണ്ടായി. അക്കാര്യത്തിൽ ചില വൃത്തങ്ങളിൽനിന്നുള്ള വിമർശനങ്ങളും അവർക്ക് ഏറ്റുവാങ്ങേണ്ടിവന്നു. പക്ഷേ, നന്മയിൽ ആരുമായും സഹകരിക്കുക എന്ന ഖുർആനിക തത്ത്വമാണവർ മുറുകെപ്പിടിച്ചത്. ആദർശപരമായിത്തന്നെ ഇസ്‌ലാമിക പ്രസ്ഥാനത്തോട് മൗലികമായ ഭിന്നതകൾ അവർ പുലർത്തിയിരുന്നുമില്ല. തലയെടുപ്പുള്ള പണ്ഡിതന്മാരുടെ നിര കുറ്റിയറ്റുവരുന്നു; വിശാലഹൃദയരും നിസ്വാർഥരുമായ സമുദായസേവകർക്ക് വംശനാശം തന്നെ സംഭവിക്കുന്നു എന്ന് ഭയപ്പെടേണ്ട സാഹചര്യമാണുള്ളത്. ഈ ദൈന്യാവസ്ഥയിൽ വി.എം, പി.എം പോലുള്ളവരുടെ വേർപാട് യഥാർഥത്തിൽ വലിയ നഷ്ടമാണ്. സർവശക്തനായ അല്ലാഹു അവരുടെ വീഴ്ചകൾ പൊറുക്കുകയും മരണാനന്തര ജീവിതം സുഖസമ്പൂർണമാക്കിത്തീർക്കുകയും ചെയ്യട്ടെ - ആമീൻ. ■